34

# "ഇവൻ ആർ?"

***വായനാ ഭാഗം #13***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).
  P. കടലിനെ ശാന്തമാക്കൽ (മത്താ. 8:18, 23–27; മർക്കൊ. 4:35–41; ലൂക്കൊ. 8:22–25).
  Q. രണ്ടു ഭൂതബാധിതരെ സൗഖ്യമാക്കൽ (മത്താ. 8:28–34; 9:1; മർക്കൊ. 5:1–21; ലൂക്കൊ. 8:26–40).
  R. പാപികളോടുകൂടെ ഭക്ഷിക്കൽ (ഉപവാസത്തെ കുറിച്ചുള്ള സംവാദവും) (മത്താ. 9:10–17; മർക്കൊ. 2:15–22; ലൂക്കൊ. 5:29–39).

ഈ പുസ്തകത്തിൽ, ''തിരക്കുള്ള ദിവസം'' എന്ന പാഠം നാം പൂർത്തിയാക്കും – ആ ദിവസം ആരംഭിച്ചത് പരീശന്മാരുടെ ദൈവദൂഷണ ആരോപണങ്ങളോടുകൂടിയും അവസാനിച്ചത് യേശു ഗലീലാ കടലിനു കിഴക്കുവശത്തേക്ക് പിൻവാങ്ങി പോയതോടുകൂടിയുമാണ്. ക്രിസ്തു കാറ്റിനെ ശാന്തമാക്കിയപ്പോൾ ശിഷ്യന്മാർ പറഞ്ഞ വാക്കുകളിൽ ഈ പാഠത്തിന്റെ വിഷയം കാണാം: "കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ, ഇവൻ ആർ?" (മർക്കൊസ് 4:41; ലൂക്കൊസ് 8:25; മത്തായി 8:27 നോക്കുക). "ഇവൻ ആർ?" എന്ന ചോദ്യം യേശുവിന്റെ ശുശ്രൂഷയിൽ ഉടനീളം അലയടിക്കുകയുണ്ടായി – അവൻ വാസ്തവത്തിൽ ആരായിരുന്നുവെന്നത് മനസ്സിലാക്കുവാൻ ആളുകൾ എത്ര പ്രയാസപ്പെട്ടു എന്നതാണ് അത് സൂചിപ്പിക്കുന്നത്. മേൽക്കൂരയിൽ കൂടെ ഇറക്കിയ രോഗിയെ ക്രിസ്തു സൗഖ്യമാക്കിയപ്പോൾ, പരീശന്മാർ ചോദിച്ചു, "ദൈവദൂഷണം പറയുന്ന ഇവൻ ആർ?" (ലൂക്കൊസ് 5:21). തന്റെ കാൽ അവളുടെ കണ്ണുനീരുകൊണ്ട് കഴുകിയ സ്ത്രീക്ക് യേശു പാപമോചനം നൽകിയപ്പോൾ, മറ്റു അതിഥികൾ ചോദിച്ചു, ''പാപമോചനവും കൊടുക്കുന്ന ഇവൻ ആർ?'' (ലൂക്കൊസ് 7:49). ക്രിസ്തുവിനെ കുറിച്ചുള്ള വാർത്ത ഹെരോദാവു രാജാവിന്റെ അടുക്കൽ എത്തിയപ്പോൾ, അവൻ ചോദിച്ചു, "എന്നാൽ ഞാൻ ഇങ്ങനെയുള്ളതു കേൾക്കുന്ന ഇവൻ ആർ?" (ലൂക്കൊസ് 9:9). യേശു തന്റെ വിജയകരമായ യെരുശലേം പ്രവേശനം നടത്തിയപ്പോൾ, "നഗരം മുഴുവനും ഇളകി, 'ഇവൻ ആർ?' എന്നു, പറഞ്ഞു" (മത്തായി 21:10). ക്രിസ്തു കാണികളെ അതിശയിപ്പിച്ച മൂന്നു സന്ദർഭങ്ങളെ ഈ പാഠത്തിൽ വിവരിച്ചു കാണിക്കുന്നു.

### "കാറ്റിനെ പോലും ശാന്തമാക്കുന്ന ഇവൻ ആർ?"[1]
### (മത്താ. 8:18, 23-27; മർക്കൊ 4:35-41; ലൂക്കൊ. 8:22-25)

"ആദ്യത്തെ മഹത്തായ ഒരു പറ്റം ഉപമകൾ" എന്നതിനെ കുറിച്ചുള്ളതായിരുന്നു നമ്മുടെ കഴിഞ്ഞ പാഠം. മത്തായി പറഞ്ഞതനുസരിച്ച്, "ഈ ഉപമകളെ പറഞ്ഞു തീർന്നശേഷം, യേശു അവിടം വിട്ടു" (മത്തായി 13:53).[2]

അവൻ ഗലീലാ കടലിന്റെ കിഴക്കുഭാഗത്തേക്കുപോയി എന്നാണ് മർക്കൊസ് വിവരിച്ചിരിക്കുന്നത്: “അന്നു [ഉപമകളിൽ അവൻ സംസാരിച്ച ദിവസം (മർക്കൊസ് 4:34)], സന്ധ്യയായപ്പോൾ,[3] ‘നാം അക്കരെക്കു പോക’ എന്നു, അവൻ അവരോടു പറഞ്ഞു” (മർക്കൊസ് 4:35). കടലിന്റെ കിഴക്കുഭാഗത്തേക്കു ക്രിസ്തു നടത്തിയ നാല് രേഖപ്പെടുത്തിയ യാത്രകളിൽ ആദ്യത്തേതാണ് ഇത്. മർക്കൊസ് എഴുതി, “അവർ പുരുഷാരത്തെ വിട്ട്, താൻ പടകിൽ ഇരുന്നപാടെ, അവനെ കൊണ്ടുപോയി” (മർക്കൊസ് 4:36) – അതായത്, ഒരുക്കം കൂടാതെ, ഒന്നും കൂടാതെ അവർ ഉടനെ പുറപ്പെട്ടുവെന്നർത്ഥം. “മറ്റു ചെറുപടകുകളും കൂടെ ഉണ്ടായിരുന്നു” എന്ന്, മർക്കൊസ് ചേർത്തിരിക്കുന്നു (മർക്കൊസ് 4:36). യേശു സഞ്ചരിച്ചിരുന്ന പടകിനോടു ചേർന്നായിരിക്കാം മറ്റു പടകുകളും സഞ്ചരിച്ചത് (മർക്കൊസ് 4:1) അത് കൂടുതൽ ആളുകൾ അവനെ കേൾക്കേണ്ടതിന് ആയിരിക്കാം. ഒരുപക്ഷെ ഈ വിശദാംശങ്ങൾ ചേർത്തിരിക്കുന്നത് കാറ്റു പെട്ടെന്ന് അടിച്ചതും നിന്നതും കണ്ട മറ്റു സാക്ഷികൾ ഉണ്ടെന്നു കാണിക്കുവാനാകാം.

ക്രിസ്തുവിന്റെ ആ യാത്രയ്ക്കുള്ള കാരണം പുരുഷാരത്തിൽ നിന്ന് മാറി അല്പം വിശ്രമം കിട്ടേണ്ടതിനായിരുന്നു (നോക്കുക മത്തായി 8:18; മർക്കൊസ് 4:36). അവൻ മുഴുവനായി ദൈവമായിരുന്നുവെങ്കിലും, അവൻ പൂർണ്ണമായും മനുഷ്യനുമായിരുന്നു,[4] “തിരക്കുള്ള ദിവസം” അവനെ ക്ഷീണിതനുമാക്കി. അവൻ പെട്ടെന്ന് ഉറങ്ങിപ്പോയി (ലൂക്കൊസ് 8:23). മർക്കൊസ് നിരീക്ഷിച്ചത് “അവൻ അമരത്തു, തലയണ വെച്ചു ഉറങ്ങുകയായിരുന്നു ...” (മർക്കൊസ് 4:38) എന്നാണ്. അമരം പടകിന്റെ ഒരറ്റത്തായിരുന്നു, അവിടെ കൂടുതൽ സ്ഥലമുണ്ടായിരുന്നു. “തലയണ” എന്നത് ഒരുപക്ഷെ ഇരിപ്പിടത്തിന്റെ കവറോ, ചുരുട്ടി എടുത്താൽ തലയണയായി ഉപയോഗിക്കാവുന്ന കമ്പിളിയോ ആകാം. ജെ. ഡബ്ളിയു. ഷെപ്പാർഡ് എഴുതി,

> മയക്കവും, ക്ഷീണവും തളർച്ചയും യേശുവിന്റെ മനുഷ്യശരീരത്തെ കീഴടക്കിയതുകൊണ്ട്, തടാകത്തിലെ കാറ്റിനാലും പടകിന്റെ താളത്തിലുള്ള ചലനത്താലും അവന്റെ മനസ്സു ശാന്തമായി, ഉറക്കത്തിലേക്ക് വീണു. ... അവന്റെ അടുത്ത്, അവന്റെ ശിഷ്യന്മാർ ആ ദിവസം സംഭവിച്ച കാര്യങ്ങളെ കുറിച്ച് ശബ്ദം താഴ്ത്തി പരസ്പരം സംസാരിച്ചുകൊണ്ടി[രുന്നു], മറ്റുള്ളവർ ശാന്തമായ വെള്ളത്തിന്മീതെ പടക് നിയന്ത്രിക്കു[കയും] മുന്നോട്ടു പോകുവാൻ നിശബ്ദമായി സഹായിക്കു[കയും] ചെയ്തുകൊണ്ടിരുന്നു.[5]

കഫർന്നഹൂമിൽനിന്ന് ജലാശയത്തിനക്കരെയുള്ള “ഗദരേന്യ ദേശത്തേക്ക്” കുറച്ചു മൈലുകൾ മാത്രമേ ദൂരമുണ്ടായിരുന്നുള്ളൂ.[6] അനുകൂല സാഹചര്യത്തിൽ, യാത്രക്ക് രണ്ടോ മൂന്നോ മണിക്കൂറുകൾ മാത്രം മതിയാകും.

ഈ യാത്ര അനുകൂല സാഹചര്യത്തിൽ ആയിരുന്നില്ല. അധികം താമസിയാതെ, ഒരു കാറ്റ് പുറപ്പെട്ടു: “... പിന്നെ കടലിൽ വലിയ ഓളം ഉണ്ടായി” അത് “തടാകത്തിൽ ഒരു ചുലഴിക്കാറ്റു ഉണ്ടായ” തുപോലെ ആയിരുന്നു (മത്തായി 8:24; ലൂക്കൊസ് 8:23). അപ്പോൾ വലിയ ചുഴലിക്കാറ്റു ഉണ്ടായി “പടകിൽ തിര തള്ളിക്കയറുകകൊണ്ടു ... അതു മുങ്ങുമാറായി” (മർക്കൊസ് 4:37). അവർ “പടകിൽ വെള്ളം നിറഞ്ഞിട്ട് പ്രാണഭയത്തിലായി” (ലൂക്കൊസ് 8:23).

പെട്ടെന്നുള്ള കാറ്റ് ഗലീലാ കടലിൽ ഉണ്ടാകാറുണ്ട്. അത് സമുദ്രനിര

പ്പിൽ നിന്ന് എഴുനൂറടി താഴ്ചയുള്ളതും പർവ്വത നിരകളാൽ ചുറ്റപ്പെട്ടതുമാണ്. പർവ്വത നിരകളിൽനിന്ന് തണുത്ത കാറ്റ് തടാകത്തിലേക്കടിക്കും, അപ്പോൾ ഒരു നിമിഷത്തിനുള്ളിൽ ശാന്തമായ പ്രതലം ഇരമ്പുന്ന തിരമാല ആയി മാറും. പടകിൽ ഉള്ള ചിലർ മീൻപിടുത്തക്കാർ ആയിരുന്നതുകൊണ്ട് അത്തരം കാറ്റ് കണ്ടുപരിചയമുള്ളവരായിരുന്നു എന്നത് തീർച്ചയാണ്. അവർ പോലും പ്രാണഭയത്തിലായി എന്ന വസ്തുത സൂചിപ്പിക്കുന്നതു അതു സാധാരണ കാറ്റായിരുന്നില്ല എന്നതാണ്.

പടക് തിരമാലകൾ നിമിത്തം ഉലഞ്ഞപ്പോൾ, യേശു ഉറക്കം തുടർന്നിരുന്നു. നമുക്കു ചോദിക്കാം, "കാറ്റടിക്കുമ്പോഴും ഉറങ്ങുന്ന ഇവൻ ആർ?" നമ്മുടെ ആദ്യത്തെ ഉത്തരം "നന്നെ ക്ഷീണിച്ച ഒരു മനുഷ്യൻ" എന്നായിരിക്കും. ഏറ്റവും പൂർണ്ണമായ ഉത്തരം "തന്റെ ദൈവത്തിൽ ആശ്രയം വയ്ക്കുന്ന ക്ഷീണിതനായ ഒരു മനുഷ്യൻ" എന്നായിരിക്കും.

കാറ്റ് യേശുവിന് ഒരു ശല്യമായിരുന്നില്ല, എന്നാൽ അവന്റെ ശിഷ്യന്മാർക്ക് ശല്യമായിരുന്നു. സംക്ഷിപ്ത വിവരണക്കാർ രേഖപ്പെടുത്തിയത് "പരിഭ്രാന്തിയോടെ നിലവിളിച്ചുകൊണ്ടേയിരുന്നു"[7] എന്നാണ്: "അവർ പ്രാണഭയത്തിലായി അടുക്കെ ചെന്നു, 'നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു!' എന്നു പറഞ്ഞു, അവനെ ഉണർത്തി" (ലൂക്കൊസ് 8:24); "അവർ അടുത്തു ചെന്നു ..., പറഞ്ഞു, 'കർത്താവേ, രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചുപോകുന്നു!'" (മത്തായി 8:25); "... അവർ ... അവനോടു പറഞ്ഞു, 'ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ?'" (മർക്കൊസ് 4:38).

യേശു അവർക്ക് എന്തുചെയ്യണമെന്നാണ് അവർ പ്രതീക്ഷിച്ചത് എന്ന് നമുക്ക് തീർച്ചയില്ല. മുൻപ് അവൻ കാറ്റിനെ ശാന്തമാക്കുന്നത് അവർ കണ്ടിട്ടില്ല, അവൻ കാറ്റിനെ ശാന്തമാക്കിയപ്പോൾ അവർ സ്പഷ്ടമായും അതിശയിച്ചുപോയി (മത്തായി 8:27; മർക്കൊസ് 4:41; ലൂക്കൊസ് 8:25). ഒരുപക്ഷെ "എന്തെങ്കിലും ചെയ്യണേ!" എന്ന് ഭയപ്പെട്ട് രക്ഷകർത്താവിനോടു വിളിച്ചു പറയുന്ന, ഒരു കുട്ടിയോട് അവരെ ഉപമിക്കാം – എന്നാൽ ആ "എന്തെങ്കിലും" എന്തായിരിക്കും എന്നതിനെ കുറിച്ച് ആ കുട്ടിക്ക് അപ്പോഴും അറിയുകയില്ല.[8]

ശിഷ്യന്മാർ ഭയപ്പെട്ടു, എന്നാൽ ക്രിസ്തു ഭയപ്പെട്ടില്ല. അവൻ ആദ്യം ശിഷ്യന്മാരെ ശാസിച്ചു: "അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത്?" (മത്തായി 8:26).[9] പിന്നെ അവൻ "കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു": "അനങ്ങാതിരിക്ക, അടങ്ങുക" (ലൂക്കൊസ് 8:24; മർക്കൊസ് 4:39). അലകൾ "അമർന്നു"; "കാറ്റ് നിന്നുപോകയും പൂർണ്ണമായ ശാന്തത ഉണ്ടാകയും ചെയ്തു" (ലൂക്കൊസ് 8:24; മർക്കൊസ് 4:39). കാറ്റും കോളും പെട്ടെന്നു ശാന്തമായത് ഒരു ഇരട്ട അത്ഭുതമായിരുന്നു, കാരണം സാധാരണ കാറ്റും കോളുമുണ്ടായാൽ കുറെ നേരത്തേക്ക് അതിന്റെ അലകൾ വെള്ളത്തിന്മേൽ തുടർന്നുമുണ്ടാകും.

യേശുവിന്റെ ശിഷ്യന്മാർ ഗലീലാ കടലിൽ കാറ്റു വരുന്നതും പോകുന്നതും കണ്ടിട്ടുണ്ട്, എന്നാൽ അവർ ഒരിക്കലും ഇതുപോലെ യൊന്ന് കണ്ടിട്ടില്ല. അവർ സന്തോഷാധിക്യത്താൽ,[10] വിളിച്ചുപറഞ്ഞു, "ഇവൻ എങ്ങനെയുള്ളവൻ ... ?" (മത്തായി 8:27); "ഇവൻ ... ആർ, അവൻ കാറ്റിനോടും വെള്ളത്തോടും കൽപിക്കയും, അവ അനുസരിക്കയും ചെയ്യുന്നു?" (ലൂക്കൊസ് 8:25). അവരുടെ ചോദ്യത്തിന്റെ ഉത്തരം "ആത്മാവിന്റെ ശക്തിയുള്ള ഒരു

മനുഷ്യൻ" എന്നാണ് (നോക്കുക ലൂക്കൊാസ് 4:14; 5:17; 6:19; 8:46; 1 കൊരിന്ത്യർ 5:4; 2 കൊരിന്ത്യർ 12:9).

ആ സംഭവത്തിൽ നിങ്ങൾക്കും എനിക്കും വേണ്ട ഒരു പ്രായോഗികത ഉണ്ട്. നാം എല്ലാവരും ജീവിതത്തിലെ കൊടുങ്കാറ്റ് ഏറ്റിട്ടുള്ളവരാണ്. ചില പ്പോൾ, ശിഷ്യന്മാരെ പോലെ, നമ്മുടെ വിശ്വാസം കുറഞ്ഞുപോയി നാം നിലവിളിക്കും, "യജമാനനേ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാ രമില്ലയോ?" (മർക്കൊസ് 4:38; കെജെവി). ഗലീലയിലെ[11] തിരമാലകളെ അവൻ ശാന്തമാക്കിയതുപോലെ ക്രിസ്ത്യാനിയുടെ നെഞ്ചിലേക്ക് ആഞ്ഞ ടിക്കുന്ന ചുഴലിക്കാറ്റിനെയും അവനു ശാന്തമാക്കുവാൻ എളുപ്പമാണെന്ന് നാം ഓർക്കുക.

## "ശരീരത്തെയും ആത്മാവിനെയും സൗഖ്യമാക്കുന്ന ഇവൻ ആർ?" (മത്താ. 8:28-34; മർക്കൊ. 5:1-21; ലൂക്കൊ. 8:26-40)

ഒടുവിൽ, യേശുവും ശിഷ്യന്മാരും അവരുടെ ലക്ഷ്യസ്ഥാനമായ കട ലിന്റെ കിഴക്കുഭാഗത്ത് എത്തി. "ഗദരേനരുടെ ദേശത്ത്" അവർ എത്തി എന്നാണ് മത്തായി പറഞ്ഞത് (മത്തായി 8:28), എന്നാൽ മർക്കൊസും ലൂക്കൊസും ആ പ്രദേശത്തെ "ഗെരസേന്യ ദേശം" എന്നാണ് വിളിച്ചിട്ടു ള്ളത് (മർക്കൊസ് 5:1; ലൂക്കൊസ് 8:26).[12] ഗെരസാ (ഗർഗേസാ എന്നും അറി യപ്പെട്ടിരുന്നു) എന്നത് കടലിന്റെ കിഴക്കേ തീരത്തുള്ള ഒരു ഗ്രാമമായിരു ന്നു. ആ പ്രദേശം മുഴുവൻ, കുറച്ചു മൈൽ തെക്കുകിഴക്കുള്ള ഗദാരയാൽ വാണിരുന്നു. അതുകൊണ്ട് അതിനെ "ഗെരസേന്യ ദേശം" എന്നും "ഗെദ രേനരുടെ[13] ദേശം" എന്നും അറിയപ്പെട്ടിരുന്നു.

ആ ഒറ്റപ്പെട്ട സ്ഥലത്ത് ആശ്വസിക്കുവാനാണ് യേശു ആഗ്രഹിച്ചതെങ്കിൽ, വിശ്രമം അവനു നിഷേധിക്കപ്പെട്ടു; കാരണം അവനെ അവിടെ അപരിചിത മായ ഒരു സ്വാഗത സംഘം സ്വീകരിക്കുവാൻ ഉണ്ടായിരുന്നു. "അവൻ അക്കരെ ഗദരേനരുടെ ദേശത്തു എത്തിയാറെ, രണ്ടു ഭൂതഗ്രസ്തർ ശവകല്ല റകളിൽനിന്നു പുറപ്പെട്ടു അവന്നു എതിരെ വന്നു" (മത്തായി 8:28).[14] രണ്ടു ഭൂതഗ്രസ്തരെ കുറിച്ച് മത്തായി പറയുന്നു, എന്നാൽ മർക്കൊസും ലൂക്കൊസും കൂടുതൽ പറഞ്ഞിരിക്കുന്നത് ആ രണ്ടുപേരുടെയും കുപ്രസി ദ്ധിയെ കുറിച്ചായിരുന്നു.[15]

ആ പുരുഷന്മാരിൽ നിന്ന് യേശു അശുദ്ധാത്മാക്കളെ പുറത്താക്കുവാൻ തുടങ്ങിയപ്പോൾ, അടുത്തുള്ള[16] കുന്നിൻ ചെരുവിൽ മേഞ്ഞുകൊണ്ടിരുന്ന പന്നികൂട്ടങ്ങളിലേക്കു[17] തങ്ങളെ പ്രവേശിക്കുവാൻ അനുവദിക്കണമെന്ന് അവനോട് അവർ ആവശ്യപ്പെട്ടു. ഭൂതങ്ങൾ പന്നികളിൽ പ്രവേശിച്ചപ്പോൾ, അവ ഭ്രാന്തമായ ആവേശത്തോടെ, കുന്നിൻ ചെരുവിൽ നിന്നു കടലിലേക്കു പാഞ്ഞു, വെള്ളത്തിൽ മുങ്ങി ചത്തു.

വർഷങ്ങൾക്കുമുൻപ്, ജോൺ എസ്. സ്വീനി സ്നാനത്തിന്റെ രീതിയെ കുറിച്ച് ഒരു നാമധേയ ഉപദേഷ്ടാവിനോടു തർക്കിച്ചുകൊണ്ടിരുന്നു: സ്നാനം മുങ്ങലായിട്ടാണോ അതോ തളിക്കൽ ആയിട്ടാണോ പുതിയ നിയമം പഠിപ്പി ക്കുന്നത് എന്നതായിരുന്നു വിഷയം. പുതിയ നിയമത്തിൽ മുങ്ങലിന് യാതൊരു ഉദാഹരണങ്ങളും നൽകുന്നില്ല എന്ന നിലപാടാണ് നാമധേയ ഉപദേഷ്ടാവു എടുത്തത്. അൽപം നർമ്മഭാവം നൽകുവാൻ ഉദ്ദേശിച്ച്, അയാൾ പറഞ്ഞു, "അതെ, ഉണ്ട്, പുതിയ നിയമത്തിൽ മുങ്ങലിന്റെ ഒരുദാ

ഹരണം ഉണ്ട്" – പിന്നെ അയാൾ കടലിൽ മുങ്ങി ചത്ത രണ്ടായിരം പന്നികളുടെ സംഭവം സൂചിപ്പിച്ചു. സഹോദരൻ സ്വീനി വേദിയിലേക്കുചെന്നപ്പോൾ, അയാൾ മറുപടി പറഞ്ഞു, "അതെ, അതൊരു മുങ്ങലിന്റെ ഉദാഹരണമായിരുന്നു – ഭൂതത്തിന് ഇടപാടിൽ നഷ്ടപ്പെട്ടത് പന്നിയിറച്ചി ആയിരുന്നു, അതുകൊണ്ട് അതിനുശേഷം ഇന്നുവരെ അവൻ തന്റെ രീതിക്കു മാറ്റം വരുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു!"[18]

കടൽക്കരയിൽ നിന്ന ആളുകൾക്ക് സംഭവിച്ചതു എന്താണെന്നു മനസ്സിലായപ്പോൾ, ക്രിസ്തുവിനോടു അവിടം വിട്ടുപോകുവാൻ അവർ അപേക്ഷിച്ചു. (അവർക്കു കൂടുതൽ കന്നുകാലികൾ നഷ്ടമായേക്കാം എന്ന ഭയം ഉണ്ടായിരുന്നു, എന്നു ഞാൻ കരുതുന്നു.) യേശു അവരുടെ ആവശ്യം അറിഞ്ഞുപോകുവാൻ ഒരുങ്ങിയപ്പോൾ, സൗഖ്യമായ മനുഷ്യരിൽ ഒരാൾ അവനോടുകൂടെ പോകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു (മർക്കൊസ് 5:18). യേശു മറുപടിയായി, "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു, കർത്താവു നിനക്കു ചെയ്തതു ഒക്കെയും നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക എന്നു അവനോടു പറഞ്ഞു" (മർക്കൊസ് 5:19).

യേശു മറ്റുള്ളവരോടു ആരോടും പറയരുതെന്ന് ആവശ്യപ്പെട്ടപ്പോൾ, ഇവനോടു സംഭവിച്ചതെല്ലാം മറ്റുള്ളവരോടു ചെന്നു പറയുവാൻ ആവശ്യപ്പെട്ടത് എന്തുകൊണ്ടാണെന്ന് നാം അതിശയപ്പെട്ടേക്കാം (മർക്കൊസ് 1:43, 44). ഒരു കാരണം ഒരു പക്ഷെ ഈ സൗഖ്യമാക്കൽ നടന്നത് ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സ്വാധീന മേഖലക്ക് അപ്പുറമായതുകൊണ്ടാകാം. തനിക്കുള്ള പ്രചാരം തന്റെ ശത്രുക്കളെതന്നെ എതിർക്കുവാൻ പ്രേരിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നില്ല. മറ്റൊരു കാരണത്തിന് സാധ്യതയുള്ളത്, താൻ പ്രസംഗിക്കുന്നതിനുമുൻപ് യേശുവിന് വിട്ടുപോകേണ്ടി വന്നതുകൊണ്ട്, അവൻ ആ പ്രദേശത്തിന് ഒരു സാക്ഷ്യം വിട്ടുപോകാൻ ആഗ്രഹിച്ചിരിക്കും.

ആ മനുഷ്യൻ കർത്താവ് ആവശ്യപ്പെട്ടതുപോലെ ചെയ്തു: "അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും ദക്കെപ്പൊലി[19] നാട്ടിൽ ഘോഷിച്ചുതുടങ്ങി; എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു" (മർക്കൊസ് 5:20). തൽഫലമായി, ക്രിസ്തു അടുത്തപ്രാവശ്യം അവിടെ എത്തിയപ്പോൾ, അവന് കൂടുതൽ അനുകൂലമായ സ്വീകരണം ലഭിച്ചു (മർക്കൊസ് 7:31–37).

ഇത് അതിശയിപ്പിക്കുന്നതും സ്പർശിക്കുന്നതുമായ സംഭവമാണ്. നമ്മുടെ മനസ്സിൽ അതിനെ നാം പുനഃപരിശോധിക്കുമ്പോൾ, നാം ചോദിക്കും, "സ്നേഹിക്കപ്പെടാത്തതും സ്നേഹമില്ലാത്തതുമായ ആളുകളുടെ അടുക്കൽ ചെന്ന്, ശരീരങ്ങളെയും മനസ്സുകളെയും സൗഖ്യമാക്കുന്ന ഇവൻ ആർ?" ഉത്തരം എന്തെന്നാൽ, "അത്യുത്സാഹമുള്ള ഒരു മനുഷ്യൻ" എന്നതാണ്.

ഈ വിവരണത്തിൽനിന്ന് യേശു എല്ലാവരെയും സ്നേഹിക്കുന്നു എന്ന പാഠം പഠിക്കുക. നിങ്ങൾ ആരാണ് അല്ലെങ്കിൽ എന്താണ് എന്നതുകൊണ്ട് യേശുവിന് നിങ്ങളെ സ്നേഹിപ്പാൻ കഴിയുകയില്ല എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇരുട്ടിൽ നിന്ന് ക്രിസ്തുവിന്റെ അടുക്കലേക്കുവരുന്ന വൃത്തികെട്ട, നീചരും, ദുഷ്ടരുമായ പരുഷാരത്തെ ഓർക്കുക. യേശു അവരെ സ്നേഹിച്ചു – അവൻ നിങ്ങളെയും സ്നേഹിക്കും! (വെളിപ്പാട് 1:5 നോക്കുക.)

## "പാപികളോടുകൂടെ ഭക്ഷിക്കുന്ന ഇവൻ ആർ?"
## (മത്താ. 9:1, 10-17; മർക്കൊ. 2:15-22; ലൂക്കൊ. 5:29-39)

ഗരെസേന്യയിലുള്ള[20] ആളുകൾ അവനോടു അവിടം വിട്ടുപോകുവാൻ പറഞ്ഞപ്പോൾ, "അവൻ പടകിൽ കയറി, ഇക്കരെക്കു കടന്നു സ്വന്ത പട്ടണത്തിലെത്തി" (മത്തായി 9:1). അതായതു, അവൻ കഫർന്നഹൂമിലേക്ക് തിരിച്ചുവന്നു. അവിടെ വളരെ പുരുഷാരം അവനെ കാത്തിരുന്നു (നോക്കുക മർക്കൊസ് 5:21; ലൂക്കൊസ് 8:40). പിന്നെ സംഭവിച്ചത് ചുരുക്കി പറയുവാൻ പ്രയാസമാണ്. അവൻ തിരിച്ചുവന്നു അധികം താമസിയാതെ, യായീറൊസിന്റെ മകളെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപിച്ചു (മത്തായി 9:18–26; മർക്കൊസ് 5:22–43; ലൂക്കൊസ് 8:41–56). ആ സംഭവത്തെ കുറിച്ച് അടുത്ത പാഠത്തിൽ നാം പഠിക്കും, എന്നാൽ ഈ സമയത്ത്[21] മത്തായി പറഞ്ഞ ഒരു സംഭവം കൂടെ നോക്കി നമ്മുടെ ഈ പഠനം അവസാനിപ്പിക്കാം. ശിഷ്യത്വത്തിലേക്കുള്ള അവന്റെ ക്ഷണത്തെ രേഖപ്പെടുത്തിയശേഷം, മത്തായി പറഞ്ഞത് ക്രിസ്തുവിന് ആദരവോടെ നൽകിയ ഒരു വിരുന്നിനെ കുറിച്ചായിരുന്നു. ആ സംഭവത്തെ കുറിച്ച് എല്ലാ സംക്ഷിപ്ത വിവരണക്കാരും പറഞ്ഞത്, ആദരിക്കപ്പെടേണ്ട അതിഥിക്ക് കൂട്ടത്തിൽ നിന്നു ലഭിച്ചതു അധികവും വിമർശനം ആയിരുന്നുവെന്നാണ്.

### വിമർശനം 1: പാപികളോടുകൂടെ ഭക്ഷിക്കുന്നു

"ലേവി [അതായത്, മത്തായി] തന്റെ വീട്ടിൽ അവന്നു ഒരു വലിയ വിരുന്നു ഒരുക്കി" (ലൂക്കൊസ് 5:29). സ്വാഭാവികമായി, മത്തായി തന്റെ പഴയ സ്നേഹിതന്മാരെയും ബന്ധുക്കളെയും ക്ഷണിച്ചു. പെട്ടെന്ന് അവന്റെ വീടു നിറയെ ചുങ്കക്കാരെയും പുറജാതികളെയും കൊണ്ടു നിറഞ്ഞു: "... പല ചുങ്കക്കാരും പാപികളും യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടി പന്തിയിൽ ഇരുന്നു; അവനെ അനുഗമിച്ചു വന്നവർ, അനേകർ ആയിരുന്നു" (മർക്കൊസ് 2:15).[22]

കർത്താവിനെ തുടർച്ചയായി, അനുഗമിച്ചുകൊണ്ടിരുന്ന പരീശന്മാർ, പിറുപിറുക്കുവാൻ തുടങ്ങി (ലൂക്കൊസ് 5:30). അവർ അവന്റെ ശിഷ്യന്മാരോടു ചോദിച്ചു, "നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നതു എന്തു?" (മത്തായി 9:11). ക്രിസ്തുവിന്റെ മറുപടി ഒരു മാതൃകയായിരുന്നു: "ദീനക്കാർക്കല്ലാതെ, സൗഖ്യമുള്ളവർക്ക് വൈദ്യനെ കൊണ്ട് ആവശ്യമില്ല. ഞാൻ നീതിമാന്മാരെ[23] അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നത്" (ലൂക്കൊസ് 5:31, 32).[24]

### വിമർശനം 2: ഉപവസിക്കുന്നില്ല

ഭയമില്ലാതെ, പരീശന്മാരെ രണ്ടാമത്തെ വിമർശനം തൊടുത്തുവിടുവാൻ പ്രേരിപ്പിച്ചത്, ഒരു പക്ഷെ യേശുവും ശിഷ്യന്മാരും മത്തായിയുടെ വിരുന്ന് ആസ്വദിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുതയാകാം: "യോഹന്നാന്റെയും പരീശന്മാരുടെയും ശിഷ്യന്മാർ ഉപവസിക്കുന്നുവല്ലോ, നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതു എന്തു?" (മർക്കൊസ് 2:18). യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർ അവിടെ ഉണ്ടായിരുന്നു, അവരുടെ ശബ്ദം അകത്തേക്കു മുഴങ്ങി, അവർ ചോദിച്ചു, "എന്തു?" (മത്തായി 9:14).[25]

ചോദ്യത്തിൽ അടങ്ങിയിരുന്നതെന്തെന്നാൽ "വളരെ കാലം മുൻപ് പിതാ

ക്കന്മാർ ആരംഭിച്ചതായ നമ്മുടെ സമ്പ്രദായങ്ങളെ എന്തുകൊണ്ടു നിങ്ങൾ തുടരുന്നില്ല?"[26] ക്രിസ്തു മറുപടിയായി, വാസ്തവത്തിൽ പറഞ്ഞത്, പഴയ സമ്പ്രദായത്തിന് എപ്പോഴും പ്രസക്തിയില്ലാത്ത, പുതിയ യുഗത്തിലാണ് മശിഹയുടെ വരവിനെ സ്വാഗതം ചെയ്യുന്നത് എന്നാണ്. യേശുവിന്റെ മറുപടിയിൽ രണ്ടുഭാഗങ്ങൾ അടങ്ങിയിരുന്നു. ഉപവസിക്കുന്ന സമ്പ്രദായം അവന്റെ ശിഷ്യന്മാർക്ക് യോജിക്കുന്നതായിരുന്നില്ല എന്നതാണ് ഒന്നാമത്തേത്. മശിഹയുടെ വരവിനെ അവൻ ഒരു വിവാഹാഘോഷമായി താരതമ്യം ചെയ്തു (മത്തായി 9:15; മർക്കൊസ് 2:19, 20; ലൂക്കൊസ് 5:34, 35): അത്തരം ആഘോഷങ്ങൾ സന്തോഷിക്കുവാനുള്ള സമയമായിരുന്നു, അല്ലാതെ കരയുവാനുള്ളതായിരുന്നില്ല.[27] (യെഹൂദന്മാർക്ക്, ഉപവാസം, കഷ്ടതയുടെയും അനുതാപത്തിന്റെയും അടയാളമായിരുന്നു.)

അവന്റെ ഉത്തരത്തിലെ രണ്ടാമത്തെ ഭാഗം മനുഷ്യ-നിർമ്മിത സമ്പ്രദായങ്ങൾ കൂട്ടിച്ചേർക്കുന്നത് മശിഹയുടെ വാഴ്ച്ചക്ക് വിനാശകരമാണ് എന്നതാണ്. തന്റെ ഉപദേശത്തോട് പരീശന്മാരുടെ സമ്പ്രദായങ്ങളെ കോർത്തിണക്കുന്നത് പഴയതുണിയോട് പുതിയ തുണി തുന്നിച്ചേർക്കുന്നതുപോലെയാണ് (ലൂക്കൊസ് 5:36). പുതിയ തുണി വലിയുമ്പോൾ, അതു പഴയ തുണിയെ കീറി കളയും. വീണ്ടും, തന്റെ മാർഗ്ഗത്തോട് പഴയ സമ്പ്രദായങ്ങളെ ചേർക്കുവാൻ ശ്രമിക്കുന്നത് പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ[28] ഒഴിക്കുന്നതുപോലെയാണ്. പഴയ തുരുത്തിയിലേക്ക് പുതിയ വീഞ്ഞ് ഒഴിക്കുമ്പോൾ അത് നുരച്ചു വികസിക്കുവാൻ ഇടവരുകയും, പഴയ തുരുത്തിയുടെ തൊലിവരണ്ട്, പൊട്ടിപൊളിഞ്ഞുപോകുകയും ചെയ്യും (ലൂക്കൊസ് 5:37).[29]

തന്റെ പുതിയ മാർഗ്ഗം പരീശന്മാർ സ്വീകരിക്കുവാൻ തയ്യാറാവുകയില്ലെന്ന് യേശുവിന് അറിയാമായിരുന്നു. ദുഃഖകരമെന്നു പറയട്ടെ, മാറുവാൻപോലും മനസ്സില്ലാത്തവരെ കുറിച്ചാണ് അവൻ സംസാരിച്ചത്, അങ്ങനെയുള്ളവർ എല്ലായ്പ്പോഴും പറയും, "പഴയത് ഏറെ നല്ലത്" (ലൂക്കൊസ് 5:39).[30]

ഈ സംഭവം നാം വിട്ടുപോകുന്നതിനു മുൻപ്, ഞാൻ തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നതു കർത്താവിനെ വിമർശിക്കുവാൻ ഇടയാക്കിയ സംഭവത്തിലേക്കാണ്: അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചത്. "പാപികളോടുകൂടെ ഭക്ഷിക്കുന്ന ഇവൻ ആർ?" ഉത്തരമെന്തെന്നാൽ "ലക്ഷ്യമുള്ള ഒരു മനുഷ്യൻ." യേശു പറഞ്ഞു, "ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നതു" (ലൂക്കൊസ് 5:32). മറ്റൊരു ഭാഗത്ത്, അവൻ പറഞ്ഞു "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യ പുത്രൻ വന്നതു" (ലൂക്കൊസ് 19:10).

നിങ്ങൾ ഒരു പാപിയാണോ? അവൻ നിങ്ങൾക്കായി കരുതുന്നു എന്നതിനെ നിങ്ങൾ ചോദ്യം ചെയ്യുന്നുണ്ടോ? നിങ്ങൾ അവനെ മത്തായിയുടെ വിരുന്നിൽ ഭക്ഷിക്കുകയും, സംസാരിക്കുകയും, ചിരിക്കുകയും ചെയ്തതായി കണ്ടത്, യെഹൂദന്മാരെ സംബന്ധിച്ച് സമൂഹത്തിലെ ഏറ്റവും തരംതാഴ്ന്ന പ്രവർത്തി ആയിരുന്നു. അവൻ പാപികളെ സ്നേഹിക്കുന്നു! അവൻ നിങ്ങളെയും സ്നേഹിക്കുന്നു!

## ഉപസംഹാരം

തന്റെ അടുക്കൽ വന്നവരെ ക്രിസ്തു എങ്ങനെ അതിശയിപ്പിച്ചു എന്ന തിനു മൂന്നു ഉദാഹരണങ്ങൾ നാം പഠിച്ചു:

- "കാറ്റിനെ പോലും ശാന്തമാക്കുന്ന ഇവൻ ആർ?" *ശക്തി*യുള്ള ഒരു മനുഷ്യൻ.
- "*ശരീരത്തെയും ആത്മാവിനെയും സൗഖ്യമാക്കുന്ന ഇവൻ ആർ?" അത്യുത്സാഹ*മുള്ള ഒരു മനുഷ്യൻ.
- "പാപികളോടുകൂടെ ഭക്ഷിക്കുന്ന ഇവൻ ആർ?" *ലക്ഷ്യമു*ള്ള ഒരു മനുഷ്യൻ.

ഉദ്ദേശം പാപികളെ മാനസാന്തരത്തിലേക്ക് ക്ഷണിക്കുക എന്നതായിരുന്നു. നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപത്തിലാണ് ജീവിക്കുന്നതെങ്കിൽ, ഈ പാഠം നിങ്ങളെ താഴ്മയോടും അനുതാപത്തോടും കൂടെ അവന്റെ അടുക്കലേക്ക് വരുവാൻ സഹായിക്കുമെന്നാണ് എന്റെ പ്രാർത്ഥന. നിങ്ങളുടെ സ്വന്ത ഹൃദയത്തിൽ, "ഇവൻ ആർ?" എന്ന ചോദ്യത്തിനു സഹതാപത്തോടെ ഇങ്ങനെ ഉത്തരം പറയുക: "അവനെന്നെ സ്നേഹിക്കുന്നവനും, എനിക്കു വേണ്ടി മരിച്ചവനുമാണ്!"

## പ്രസംഗ കുറിപ്പുകൾ

ഈ പാഠത്തിലെ ഓരോ സംഭവവും ഒരു പ്രസംഗത്തിനുള്ള അടിസ്ഥാനമായി ഉപയോഗിക്കാം. തുടർന്നുവരുന്ന പ്രസംഗം ഗരെസേനയിലെ ഒരു ഭൂതത്തെ യേശു പുറത്താക്കുന്നതിനെ കുറിച്ചുള്ളതാണ്.

യേശു കാറ്റിനെ ശാന്തമാക്കിയതിനെ കുറിച്ചു ധാരാളം പ്രസംഗങ്ങൾ നടന്നിട്ടുണ്ട്. ഞാൻ അടുത്തകാലത്ത് "ജീവിതത്തിന്റെ കൊടുങ്കാറ്റുകളെ" കുറിച്ച് പ്രസംഗിക്കുകയുണ്ടായി. എന്റെ ശ്രോതാക്കൾക്ക് പരിചയമുള്ള ഭൗതിക കാറ്റിനെ ഞാൻ ആദ്യം സൂചിപ്പിച്ചു, പിന്നെ അവർ സഹിക്കേണ്ടതായ ജീവിതത്തിലെ കാറ്റുകളെ കുറിച്ചും പറഞ്ഞു. നാം ചിലപ്പോൾ ശിഷ്യന്മാരെ പോലെ ചിന്തിക്കുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ: "കർത്താവേ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നീ വിചാരപ്പെടുന്നില്ലയോ?" അപ്പൊസ്തലന്മാർ ചോദിച്ച ചോദ്യത്തിലായിരുന്നു എന്റെ ശ്രദ്ധ: "ഇവൻ എങ്ങനെയുള്ളവൻ ... ?" (മത്തായി 8:27). ഞാൻ മറുപടി പറഞ്ഞു: (1) നിങ്ങളെ സ്നേഹിക്കുന്ന ഒരു മനുഷ്യൻ (വെളിപ്പാട് 1:5); (2) നിങ്ങളോടുകൂടെ എന്നേക്കും ഉണ്ടാകുമെന്നു പറഞ്ഞ ഒരു മനുഷ്യൻ (മത്തായി 28:20); (3) നിങ്ങൾക്ക് ശക്തി നൽകുന്ന ഒരു മനുഷ്യൻ (എഫെസ്യർ 3:16); (4) മോശമായതിനെ നന്നാക്കിയെടുക്കുവാൻ കഴിവുള്ള ഒരു മനുഷ്യൻ (റോമർ 8:28); (5) ചുരുക്കത്തിൽ, കടലിലെ കാറ്റിനെ ശാന്തമാക്കിയ വിധത്തിൽ നിങ്ങളുടെ നെഞ്ചിലേക്ക് ആഞ്ഞടിക്കുന്ന കാറ്റുകളെ ശമിപ്പിക്കുവാൻ കഴിയുന്നവൻ. ഈ സംഭവത്തെ കുറിച്ചുള്ള ഒരു പ്രസംഗത്തിനു എടുക്കാവുന്ന തലവാചകങ്ങളിൽ "ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരം ഇല്ലയോ?" എന്നതും "അനങ്ങാതിരിക്ക, അടങ്ങുക" എന്നതും ഉൾപ്പെടുന്നു. നിങ്ങളുടെ കയ്യിലുള്ള പാട്ടുപുസ്തകത്തിൽ "യജമാനനേ, കൊടുങ്കാറ്റിനെ ശാസിച്ചാലും" എന്ന പാട്ടുണ്ടെങ്കിൽ ("അനങ്ങാതിരിക്ക, അടങ്ങുക" എന്നും

പറയുന്ന), നിങ്ങൾക്കതും ഇതോടൊപ്പം വേണമെങ്കിൽ അവതരിപ്പിക്കാം.

നമ്മുടെ വേദഭാഗത്തിലെ ഭാഗങ്ങളെ ആസ്പദമാക്കിയുള്ളതു കൂടെയാണ് പ്രസംഗങ്ങൾ. ചിലതിൽ ശിഷ്യന്മാർ യേശുവിനെ "ഇരുന്ന പാടെ" കൈക്കൊണ്ടു എന്ന വസ്തുത ഉപയോഗിച്ചിട്ടുണ്ട് (മർക്കൊസ് 4:36) അതു നാം യേശുവിനെയും, അവന്റെ സഭയെയും, അവന്റെ ഉപദേശത്തെയും "അങ്ങനെ തന്നെ" സ്വീകരിക്കണം എന്ന ഊന്നൽ നൽകുന്നതിനാണ്. (നിങ്ങൾ ഈ ആശയം ഉപയോഗിക്കുകയാണെങ്കിൽ, മൂലഭാഷയിലെ യഥാർത്ഥ അർത്ഥം ഉപയോഗിച്ച് വിശദമാക്കുവാൻ ശ്രദ്ധിക്കുക.) കൂടാതെ, "വൈദ്യനെ" ക്കൊണ്ടുള്ള ആവശ്യം എന്നതിനെ കുറിച്ചുള്ള ക്രിസ്തുവിന്റെ വാക്കുകൾ (മത്തായി 9:12) "ശ്രേഷ്ഠ വൈദ്യൻ" എന്നതിനെ കുറിച്ചുള്ള പ്രസംഗങ്ങൾക്ക് പ്രേരകമായി.

---

കുറിപ്പുകൾ

[1]യേശു ചുരുങ്ങിയത് രണ്ട് കാറ്റുകളെ ശാന്തമാക്കിയിട്ടുണ്ട്. ഇതു ആദ്യത്തേതായിരുന്നു. [2]ആ വിവരണത്തിൽ ഈ സമയത്ത്, മത്തായി ഉണ്ടാകുവാനിരിക്കുന്ന ശിഷ്യന്മാരെ കുറിച്ചു പറഞ്ഞു (മത്തായി 8:19–22). ലൂക്കൊസ് 9:57–62 ൽ, അതു തന്നെയോ അല്ലെങ്കിൽ അതുപോലെയുള്ളതോ ആയ ഒരു സംഭവം ലൂക്കൊസ് പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഭാഗത്തെ കുറിച്ചു പഠിക്കുവാൻ ലൂക്കൊസ് 9–വരെ നമുക്ക് കാത്തിരിക്കാം. [3]"വൈകുന്നേരം" എന്നതു വഴങ്ങുന്ന വാക്കാണ്. അതു വൈകുന്നേരം ആരംഭമോ അല്ലെങ്കിൽ വൈകുന്നേരം താമസിച്ചോ ആകാം. അവർ അവസാനം മറുകരയിലെത്തിയപ്പോൾ, ഒരു ഭൂതബാധിതനു ദൂരത്തു നിന്നു തന്നെ അവരെ കാണുവാൻ കഴിഞ്ഞിരുന്നു (മർക്കൊസ് 5:6). ഒരുപക്ഷെ അവർ വൈകുന്നേരം നേരത്തെ തന്നെ പോയതുകൊണ്ട് സന്ധ്യക്കുമുൻപ് അക്കരെ എത്തിയിരിക്കാം. അല്ലെങ്കിൽ അവർ വൈകുന്നേരം താമസിച്ച് തിരിക്കുകയും, കാറ്റുള്ളതുകൊണ്ട് രാത്രി മുഴുവൻ യാത്ര ചെയ്യേണ്ടിവരികയും, പ്രഭാതത്തിൽ എത്തുകയും ചെയ്തിരിക്കാം. ആദ്യത്തേതിനാണ് കൂടുതൽ സാധ്യത. [4]അവതാരത്തിന്റെ നിഗൂഢതയെകുറിച്ച് നാം മുൻപു ചർച്ച ചെയ്തിട്ടുണ്ട്. [5]ജെ. ഡബ്ളിയു. ഷെപ്പാർഡ്, *ദ ക്രൈസ്റ്റ് ഓഫ് ദ ഗോസ്പെൽസ്* (നാഷ്‌വില്ലേ: പാർത്തനൻ പ്രെസ്, 1939), 232; ക്വോട്ടഡ് ഇൻ എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രെസ്, 1963), 148. [6]*ക്രിസ്തുവിന്റെ ജീവിതം, 3* എന്ന പുസ്തകത്തിലെ ഗലീലാ കടലിനുചുറ്റുമുള്ള പ്രദേശങ്ങളുടെ ചിത്രം നോക്കുക. [7]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 343. [8]അവർ ആകുലപ്പെട്ടതുപോലെ യേശുവും ആകുലപ്പെടേണ്ടതിന് അവർ ആഗ്രഹിച്ചു എന്നതിനും സാധ്യതയുണ്ട്. നമുക്ക് ദുഃഖമുണ്ടാകുമ്പോൾ നമ്മിൽ മിക്കപേരും സൗഹൃദം ആഗ്രഹിക്കും. [9]കാറ്റ് ശാന്തമാക്കിയശേഷമാണ് ശാസനയെ (അല്ലെങ്കിൽ രണ്ടാമത്തെ ശാസന) കുറിച്ചു മർക്കൊസും ലൂക്കൊസും രേഖപ്പെടുത്തിയത് (മർക്കൊസ് 4:40; ലൂക്കൊസ് 8:25). [10]പല കാരണങ്ങൾ കൊണ്ട്, ചില അത്ഭുതങ്ങൾക്ക് മറ്റുള്ളവയെക്കാൾ ആളുകളിൽ ആഴത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

[11]നിങ്ങൾക്ക് "മാസ്റ്റർ, ദ ടെമ്പെസ്റ്റ് ഇസ് റേജിങ്" എന്ന പാട്ടുള്ള ഒരു പാട്ടു പുസ്തകമുണ്ടെങ്കിൽ, ആ പുസ്തകത്തിലെ പാട്ടു പാടുവാനോ ആ വാക്കുകൾ വായിക്കുവാനോ

എങ്കിലും നിങ്ങൾ അൽപം സമയം കണ്ടെത്തുക. [12]കെജെവിയിൽ രണ്ടുപേരുകളും മറിച്ചും ഒന്നിന്റെ ഉച്ചാരണം വ്യത്യസ്തമായും ആണ് ഉപയോഗിച്ചിരിക്കുന്നത്. അത് പ്രാധാന്യമുള്ള ഒരു വ്യത്യാസമല്ല. [13]ഇതിനെ "ഖെരേസ" യുടെ (അതായത്, ഗരേസ) അവശിഷ്ടങ്ങൾ കണ്ടെത്തുന്നതുവരെ "ഒരു വൈപരീത്യം" ആയി ബൈബിൾ വിമർശകർ പറഞ്ഞിരിക്കുന്നു. [14]ഈ സംഭവത്തിന്റെ കൂടുതൽ പൂർണ്ണമായ പഠനത്തിന്, പ്രത്യേകിച്ച് രണ്ട് ഭൂതങ്ങളെ കുറിച്ചുള്ളതിൽ കൂടുതൽ പരിചിതമായതിന്റെ കാഴ്ച്ചപ്പാടിൽ നിന്നും മനസ്സിലാക്കുവാൻ, ഈ പാഠത്തിനുശേഷം വരുന്ന പ്രസംഗം നോക്കുക. [15]സുവിശേഷ വിവരണത്തിൽ ഇത് പൊതുവായി സംഭവിക്കുന്നതാണ്. [16]അവർ ആ ആവശ്യം ഉന്നയിക്കുവാൻ കാരണം എന്തെന്നുള്ളത് അറിയുവാൻ, ഈ പാഠത്തിനെ തുടർന്നുവരുന്ന പ്രസംഗം നോക്കുക. [17]ഖെരേസയുടെ അവശിഷ്ടങ്ങൾക്ക് ഒരു മൈൽ തെക്കായി കടൽ കരയിലേക്ക് നീണ്ടു നിൽക്കുന്ന ഒരു പർവ്വത നിരയുണ്ട്. [18]ക്രിസ്തുവിന്റെ ജീവിതം, 68–നെ കുറിച്ചുള്ള ജെ. ഡബ്ളിയു. റോബെർ ട്ട്സിന്റെ ക്ളാസിനെ ആസ്പദമാക്കിയുള്ള എന്റെ കുറിപ്പിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ സംഭവം. തന്റെ കാലത്ത് നന്നായി–അറിയപ്പെടുന്ന വിമർശകരിൽ പ്രമുഖനായിരുന്നു ബ്രദർ സ്വീനി എന്ന് ഏൾ വെസ്റ്റ് പറഞ്ഞു (ഏൾ ഐ. വെസ്റ്റ്, *ദ സെർച്ച് ഫോർ ദ ഏൻഷ്യന്റ് ഓർഡർ*, വാല്യം. 4, *എ ഹിസ്റ്ററി ഓഫ് ദ റെസ്റ്റോറേഷൻ മൂവ്മെന്റ് 1919–1950* [ജെർമൻടൗൺ, ടെൻ.: റിലീജിയസ് ബുക്ക് സെർവീസ്, 1987], 214. [19]"ദക്കെപ്പൊലി" എന്നത് "പത്തു പട്ടണങ്ങൾ ഉൾപ്പെടുന്ന പ്രദേശം" ആയിരുന്നു. "യേശുവിന്റെ ശുശ്രൂഷാകാലത്തെ പാലസ്തീൻ" എന്ന പടം നോക്കുക. [20]മത്തായിയിൽ "ഗദരേന" എന്നാണ്, എന്നാൽ ഞാൻ കഴിഞ്ഞ ഭാഗത്തിൽ ഉപയോഗിച്ചത് "ഗരെസേന" എന്നാണ്, അതുകൊണ്ട് അതുതന്നെ ഇവിടെയും തുടരുന്നു. മുൻപു സൂചിപ്പിച്ചതുപോലെ, ആ പ്രദേശത്തിന് രണ്ടുപേരുകൾ ഉണ്ട്.

[21]പല വിവരണത്തിലും യേശു കടലിന്റെ പടിഞ്ഞാറേ ഭാഗത്തു മടങ്ങിവന്ന ഉടനെ യായീറൊസിന്റെ മകളുടെ സംഭവത്തെ പ്രതിപാദിക്കുന്നു. മത്തായിയുടെ വിവരണത്തിലെ വിരുന്ന് യായിറോസിന്റെ സംഭവത്തിനു മുൻപു ചിലർ ചേർത്തിട്ടുണ്ട്, അതു മത്തായി 9:18–ന്റെ അടിസ്ഥാനത്തിലാണ്, അതു സൂചിപ്പിക്കുന്നത് യായീറൊസ് മത്തായിയുടെ വിരുന്നിനിടയിലുള്ള ക്രിസ്തുവിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തി എന്നാണ്. രണ്ടാമത്തെ സമീപനത്തെ പിൻപറ്റിയ, ജോൺ ബ്രോഡസ്, ഈ കുറിപ്പു നൽകി: "[മത്തായിയുടെ വിരുന്നിന്റെ സംഭവത്തിന്റെ] അവസ്ഥയെ കുറിച്ചുള്ള ചോദ്യത്തിന് ഉത്തരം കണ്ടെത്തിയിട്ടില്ല, ആ ഭാഗത്തിലെ ഉള്ളടക്കം മനസ്സിലാക്കുന്നതിൽ അതു വ്യത്യാസം വരുത്തുന്നതുമില്ല" (ജോൺ എ. ബ്രോഡസ്, *ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഇൻ ദ റിവൈസ്ഡ് എഡിഷൻ* [ന്യൂ യോർക്ക്: എ. സി. ആംസ്ട്രോങ് ആന്റ് സൺ, 1906], 36; ക്വോട്ടഡ് ഇൻ ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ, *ഏ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* [നാഷ്‌വില്ലേ: ബ്രോഡ്മാൻ പ്രെസ്, 1961], 138). നിങ്ങൾ മുൻപ് മത്തായിയുടെ വിരുന്നിന്റെ സംഭവത്തെ കുറിച്ചു പഠിച്ചിട്ടുണ്ടെങ്കിൽ, ഈ സമയത്ത് യായീറൊസിന്റെ സംഭവത്തിലേക്കു പോകുക (ഈ പുസ്തകത്തിലെ അടുത്ത പാഠം നോക്കുക). [22]ജെ. ഡബ്ളിയു. മെക്ഗാർവെ ഊന്നി പറഞ്ഞത് ഈ സാഹചര്യത്തിലെ യേശുവിന്റെ പ്രവർത്തികളും വാദഗതികളും "മോശമായ ആളുകളുമായി നാം നന്മക്കല്ലാതെ മറ്റെന്തു ഉദ്ദേശത്തിനായി കൂട്ടുചേരുന്നതിനെയും ന്യായീകരിക്കുന്നില്ല – അതായത്, അവരുടെ ആത്മാക്കളുടെ വൈദ്യൻ" (മെക്ഗാർവെ ആന്റ് പെൻലെറ്റൻ, 350). 1 കൊരിന്ത്യർ 15:33 നോക്കുക. [23]ഈ സന്ദർഭത്തിൽ, "നീതിമാന്മാർ" എന്നു പറഞ്ഞിരിക്കുന്നത് തങ്ങളെ തന്നെ നീതിമാന്മാരായി മാനസാന്തരം ആവശ്യമില്ല എന്ന് *ചിന്തിക്കുന്ന*വരെ കുറിച്ചാണ് – മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശു അർത്ഥമാക്കിയത് ശാസ്ത്രിമാരെയും പരീശന്മാരെയുമാണ്. [24]യേശുവിന്റെ മറുപടിയെ മത്തായി വിവരിക്കുന്നതിൽ (മത്തായി 9:12, 13) ഹോശെയാ

6:6–ൽ നിന്ന് ഉദ്ധരിച്ചതും ഉൾപ്പെടുന്നു. മനുഷ്യരുടെ വിശപ്പടക്കുന്നത് കരുണ കാണിക്കൽ ആണെന്ന് ഊന്നി പറയുവാൻ ക്രിസ്തു അതിനെ ഉപയോഗിച്ചത് നാം കഴിഞ്ഞ പാഠത്തിൽ മറ്റൊരു സന്ദർഭത്തിൽ കാണുകയുണ്ടായി. മത്തായി 9–ൽ, അവന്റെ പോയിന്റ് എന്തെന്നാൽ പാപികളെ മാനസാന്തരത്തിലേക്കു വരുത്തുന്നത് അവരോടു കരുണ കാണിക്കൽ ആണ് എന്നതായിരുന്നു. [25]പരീശന്മാരുടെ ആ ചോദ്യത്തോടു യോഹന്നാന്റെ ശിഷ്യന്മാരും ചേർന്നതിൽ ദുഃഖം ഉളവാക്കുന്നു. [26]പരീശന്മാർ പരിശീലിച്ചിരുന്ന ഉപവാസം മോശയുടെ ന്യായപ്രമാണത്തിൽ കൽപിച്ചിരുന്നില്ല, എന്നാൽ അത് മനുഷ്യ സമ്പ്രദായത്തിന്റെ ഫലമായുള്ളതായിരുന്നു. *ക്രിസ്തുവിന്റെ ജീവിതം, 2* എന്ന പുസ്തകത്തിലെ "ഞാനോ നിങ്ങളോടു പറയുന്നു" എന്ന പാഠത്തിൽ, ഉപവാസത്തെ ചുരുക്കമായി പറഞ്ഞിരിക്കുന്നത് നോക്കുക. മറ്റു ഭാഗത്ത് ഊന്നി പറഞ്ഞിരിക്കുന്നതുപോലെ, വാസ്തവത്തിൽ, യേശു പറഞ്ഞതു, ഉപവാസം തന്റെ ശിഷ്യന്മാർക്ക് തിരഞ്ഞെടുക്കാവുന്നതത്രെ എന്നാണ്. താൻ പോലും നിരന്തരമായി ഉപവസിച്ചിരുന്നില്ല എന്ന വസ്തുത ദൈവഭക്തിക്ക് അനിവാര്യമായ ഒന്നല്ല ഉപവാസമെന്നതിന്റെ വ്യക്തമായ തെളിവാണ്. [27]യേശുവിന്റെ ചിത്രീകരണത്തെ ഒരു ഉപമ എന്നു വിളിക്കാം. ആ ഉപമയിൽ, അവൻ മണവാളനും സന്നിഹിതരായവർ അവന്റെ ശിഷ്യന്മാരുമായിരുന്നു. മണവാളൻ "എടുക്കപ്പെടുന്നത്" അവന്റെ മരണത്തിന്റെ സൂചനയാണ് വെളിപ്പെടുത്തുന്നത്. അവർ "അന്ന് ഉപവസിക്കും" എന്ന പ്രസ്താവന ക്രിസ്തു മരിക്കുന്ന ദിവസം ശിഷ്യന്മാർക്കുണ്ടാകുന്ന ദുഃഖത്തെ സൂചിപ്പിച്ചിരിക്കുകയാണ്. [28]ദ്രാവകം നിറക്കുന്ന പാത്രമുണ്ടാക്കുവാൻ അക്കാലത്ത് മൃഗങ്ങളുടെ ത്വക്ക് ഉപയോഗിച്ചിരുന്നു. ഇന്നും ലോകത്തിന്റെ ചില ഭാഗത്ത് ആ പരിശീലനമുണ്ട്. കുറെ കഴിയുമ്പോൾ, ആ ചർമ്മങ്ങൾ ഉണങ്ങി വരണ്ട്, ഉറപ്പില്ലാതെ, പൊടിഞ്ഞുപോകും. [29]ലൂക്കൊസ് 5:36 ആ ചിത്രീകരണങ്ങളെ ഉപമകൾ എന്നു വിളിച്ചിരിക്കുന്നു. യേശു വ്യക്തമാക്കിയ പോയിന്റിനപ്പുറമായി അവരെ പഠിപ്പിക്കുവാൻ ശ്രമിക്കരുത്: അവന്റെ ഉപദേശത്തോട് മനുഷ്യ–നിർമ്മിതമായ സമ്പ്രദായങ്ങൾ ചേർക്കുന്നത് വിനാശകരമാണ്. [30]പുരാതന ദൈവശ്വാസീയമല്ലാത്തതായ സമ്പ്രദായങ്ങളെ വിട്ട് പുതിയ ദൈവശ്വാസീയമല്ലാത്ത സമ്പ്രദായങ്ങളെ എടുക്കുവാൻ മടിക്കുന്നവരെ കുറിച്ചല്ല ക്രിസ്തു സംസാരിച്ചത്. മറിച്ച്, അവൻ പറഞ്ഞത് ക്രിസ്തുവിന്റെ മാർഗ്ഗം സ്വീകരിക്കേണ്ടതിന് തങ്ങളുടെ സമ്പ്രദായങ്ങളെ വിട്ടുകളയുവാൻ മടിക്കുന്ന പരീശന്മാരെ കുറിച്ചായിരുന്നു.